**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1942** **04-02-2026 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സമ്പദ്ഘടനയിൽ കായിക മേഖലയിലെ സംഭാവനയും അടിസ്ഥാന സൗകര്യ വികസനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ കായിക മേഖലയുടെ സംഭാവന നിലവിൽ ഒരു ശതമാനം മാത്രമാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംഭാവന വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിൽ (State GDP) കായിക മേഖലയുടെ പങ്ക് നിലവിലെ 1 ശതമാനത്തിൽ നിന്നും അടുത്ത നാല് വർഷത്തിനുള്ളിൽ ഘട്ടം ഘട്ടമായി 3-4 ശതമാനമായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ 'സ്പോർട്സ് ഇക്കണോമി മിഷൻ' സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്:<br><br>1. പ്രധാന നയപരമായ തീരുമാനങ്ങൾ<br><br>• കേരള കായിക നയം 2023: സ്പോർട്സ് ഇക്കണോമി മിഷന് രൂപം നൽകുകയും കായിക മേഖലയെ ഒരു സാമ്പത്തിക സ്രോതസ്സായിവളർത്താനുള്ള പദ്ധതികൾ ഉൾപ്പെടുത്തുകയും ചെയ്തു.<br>• അന്താരാഷ്ട്ര കായിക ഉച്ചകോടി (ISSK 2024): 2024 ജനുവരിയിൽ സംഘടിപ്പിച്ച ഉച്ചകോടിയിലൂടെ നിരവധി വിദേശ-സ്വദേശ നിക്ഷേപങ്ങൾ കായിക മേഖലയിലേക്ക് ആകർഷിക്കാൻ സാധിച്ചു.<br><br>2. നിലവിൽ ആരംഭിച്ച പദ്ധതികൾ (MoU ഒപ്പുവെച്ചവ)<br><br>• ഫിറ്റ്നസ് പ്രോഗ്രാം (NBF അക്കാദമി: കണ്ടെയ്നറുകളിൽ സജ്ജീകരിച്ച NBF Box' എന്ന പേരിൽ ഫിറ്റ്നസ് സെന്ററുകൾ തദ്ദേശ സ്ഥാപനങ്ങളുടെയും<br>സർവ്വകലാശാലകളുടെയും |

സഹകരണത്തോടെ റവന്യൂ ഷെയറിംഗ് മോഡലിൽ സ്ഥാപിക്കുന്നു.

- വൺ സ്കൂൾ വൺ ഗെയിം (Decathlon): പ്രമുഖ സ്പോർട്സ് കമ്പനിയായ ഡെക്കാത്ത്‌ലണുമായി ചേർന്ന് ഒന്നാം ഘട്ടത്തിൽ 70 സ്കൂളുകൾക്ക് ആവശ്യമായ സ്പോർട്സ് ഉപകരണങ്ങൾ ലഭ്യമാക്കി വരുന്നു.
- ഫുട്ബോൾ സ്കൗട്ടിംഗ് (India Khelo Football): കായിക താരങ്ങളെ കണ്ടെത്തുന്നതിനായി സ്കൗട്ടിംഗ് ഏജൻസിയുമായി ചേർന്ന് പദ്ധതി ആരംഭിച്ചു. ഇതിന് സർക്കാർ ഗ്രൗണ്ടുകൾ വിട്ടുനൽകും.

3. പ്രൊഫഷണൽ ലീഗുകൾ

- കേരള ക്രിക്കറ്റ് ലീഗ്: ഫ്രാഞ്ചൈസി മാതൃകയിൽ സംഘടിപ്പിച്ച ലീഗ് വലിയ സാമ്പത്തിക വിജയമായിരുന്നു. സ്പോൺസർഷിപ്പ് വഴിയും മറ്റും വലിയ വരുമാനം സൃഷ്ടിക്കാനും താരങ്ങൾക്ക് മികച്ച വേതനം നൽകാനും ഇതിലൂടെ സാധിച്ചു.
- സൂപ്പർ ലീഗ് കേരള: കേരള ഫുട്ബോൾ അസോസിയേഷൻ സംഘടിപ്പിച്ച ഈ ലീഗ് പ്രൊഫഷണൽ സ്പോർട്സ് മാനേജ്മെന്റ് രംഗത്ത് വിപ്ലവകരമായ മാറ്റമുണ്ടാക്കി. ഇത് സംസ്ഥാനത്ത് വലിയൊരു തൊഴിൽ വിപണി തുറന്നു നൽകിയിട്ടുണ്ട്.

4. പുതിയ സംരംഭങ്ങൾ (Launched Projects)

- കോളേജ് സ്പോർട്സ് ലീഗ്: കലാലയ തലത്തിൽ കായിക മത്സരങ്ങളെ പ്രൊഫഷണൽ വത്ക്കരിക്കാനും കുട്ടികളിൽ സംരംഭകത്വ കഴിവുകൾ വളർത്താനും ഈ ലീഗിലൂടെ സാധിക്കുന്നു. കോളേജ് സ്പോർട്സ് ലീഗിന്റെ ആദ്യഘട്ടം വിജയകരമായി പൂർത്തീകരിച്ചു. കോളേജ് സ്പോർട്സ് ലീഗ് വൻ ജനശ്രദ്ധ പിടിച്ചുപറ്റി.
- ഇ-സ്പോർടസ് (eSports) സെന്ററുകൾ: എം.എൽ.എ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സർക്കാർ മേൽനോട്ടത്തിൽ റവന്യൂ ഷെയറിംഗ് മോഡലിൽ ഇ-സ്പോർട്സ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി EoI ക്ഷണിച്ചു. ആയതിന്റെ ഭാഗമായി ഇ-സ്പോർട്സ് സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | • അർജന്റീന ടീമിന്റെ സന്ദർശനം: അർജന്റീന ദേശീയ ഫുട് ബോൾ ടീമിനെ കേരളത്തിലേക്ക് കൊണ്ടുവരുന്നതിലൂടെ സ്പോൺസർഷിപ്പ്, ബ്രോഡ് കാസ്റ്റിംഗ് എന്നിവ വഴി വലിയ സാമ്പത്തിക ഉണർവ് പ്രതീക്ഷിക്കുന്നു.<br><br>5. പൈപ്പ് ലൈനിലുള്ളതും അനുമതി കാത്തിരിക്കുന്നതുമായ പദ്ധതികൾ<br><br>• നിക്ഷേപക സംഗമം (Investors Conclave): സർക്കാർ സ്റ്റേഡിയങ്ങളുടെ നടത്തിപ്പ് റവന്യൂ ഷെയറിംഗ് മോഡലിൽ നിക്ഷേപകർക്ക് നൽകുന്നത് വഴി വരുമാനം വർദ്ധിപ്പിക്കാനുള്ള പദ്ധതിയാണിത്.<br>• ഫുട്ബോൾ പരിശീലനം (RBS Corporation): യൂറോപ്യൻ പരിശീലകർ വഴി 60 കോച്ചുമാർക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്ന പദ്ധതി.<br><br>6. അടിസ്ഥാന സൗകര്യ വികസനവും അന്താരാഷ്ട്ര മത്സരങ്ങളും<br><br>• KCA സ്റ്റേഡിയങ്ങൾ: കൊച്ചിയിലെ 750 കോടിയുടെ അന്താരാഷ്ട്ര സ്റ്റേഡിയം ഉൾപ്പെടെ കേരള ക്രിക്കറ്റ് അസോസിയേഷന്റെ 1200 കോടിയുടെ പദ്ധതികൾക്കായി ഭൂ നിയമങ്ങളിൽ ഇളവ് നൽകാൻ ശുപാർശ ചെയ്തിട്ടുണ്ട്.<br>• കോഴിക്കോട് ഫുട്ബോൾ സ്റ്റേഡിയം: KIIFB, സ്വകാര്യ പങ്കാളിത്തം എന്നിവയിലൂടെ 250 കോടി രൂപയുടെ ഫിഫ നിലവാരത്തിലുള്ള സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | സംസ്ഥാനത്ത് കായിക പരിശീലനങ്ങൾക്കും വിനോദങ്ങൾക്കും ശാരീരിക ക്ഷമതാപ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് ഏതെങ്കിലും ഏജൻസികളെ എസ്. പി. വി.കളായി ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കായിക യുവജനകാര്യാലയത്തിന് കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന കായിക എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവൃത്തി പരിചയവും വൈദഗ്ധ്യവും കണക്കിലെടുത്ത് വിവിധ കായിക നിർമ്മിതികൾക്കായി, 26.02.2021 ലെ സർക്കാർ ഉത്തരവ് [സ.ഉ.(കൈ) നം. 6/2021/കായുവ] പ്രകാരം സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകരിച്ചിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷന്റെ കീഴിൽ എഞ്ചിനീയറിംഗ് വിഭാഗവും, ഓപ്പറേഷൻ വിഭാഗവുമാണ് പ്രവർത്തിച്ചുവരുന്നത്. സംസ്ഥാനത്തെ വിവിധ കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ നിർമ്മാണവും, മെയിന്റനൻസും എഞ്ചിനീയറിംഗ് വിഭാഗം |

| | | | |
|---|---|---|---|
| | | | മുഖേനയാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ വിവിധ കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ നിർമ്മാണവും, മെയിന്റനൻസും സ്പോർട്സ് കേരള ഫൗണ്ടേഷൻ എഞ്ചിനീയറിംഗ് വിഭാഗം മുഖേനയാണ് നടപ്പിലാക്കി വരുന്നത്.<br><br>കായികവകുപ്പിന് കീഴിലുള്ള സ്റ്റേഡിയങ്ങൾ, ഫിറ്റ്നസ് സെന്ററുകൾ, സ്വിമ്മിംഗ് പൂളുകൾ, ഷൂട്ടിംഗ് അക്കാഡമി, ഇൻഡോർ കോർട്ടുകൾ തുടങ്ങിയ ആസ്തികളുടെ നടത്തിപ്പും പരിപാലനവും ഓപ്പറേഷൻ വിഭാഗം നിർവ്വഹിക്കുന്നു.<br><br>കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള കായിക അടിസ്ഥാന സൗകര്യ വികസനത്തിന് സ്പോർട്സ് കേരള ഫൗണ്ടേഷനെയാണ് എസ്.പി.വി (SPV) ആയി ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുളള വിഭവസമാഹരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വിഭവസമാഹരണം നടത്തുന്നതിന് കേരള കായിക നയം 2023 സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. നിയമപരമായ ചട്ടക്കൂടിനുള്ളിൽ ഏതു മേഖലയിലും സ്വകാര്യ നിക്ഷേപങ്ങളും, പങ്കാളിത്തവും ക്ഷണിക്കാൻ സംസ്ഥാന സർക്കാർ നയപരമായി തീരുമാനിച്ചിട്ടുള്ളതാണ്. ഇൻഫ്രാസ്ട്രച്ചർ, ഇവന്റ് പ്രോപർട്ടികൾ, അക്കാദമികൾ, പ്രൊഫഷണൽ ക്ലബുകൾ എന്നിവയിൽ നിക്ഷേപങ്ങൾ സമാഹരിക്കേണ്ടത് കായികവളർച്ചയ്ക്ക് അത്യാവശ്യമാണ്. കായിക മേഖലയിലേക്ക് സംരംഭകരെ ആകർഷിക്കാൻ നിരന്തരമായ ശ്രമം വേണം. നിക്ഷേപക സംഗമങ്ങൾ, വൺ ടു വൺ മീറ്റിംഗുകൾ, സമഗ്രമായ തുടർനടപടികൾ എന്നിവയുടെ ഏകോപനത്തിനായി ഒരു സ്ഥിരസംവിധാനം ശിപാർശ ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ